# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1897 — 05/10/2016- ൽ മറുപടിയ്ക്ക്

## ദേശീയ വനവൽക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ്<br>,, ആർ. രാജേഷ്<br>പ്രൊ. കെ. യു. അരുണൻ<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ദേശീയ വനവൽക്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് ദേശീയ വനവൽക്കരണപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്<br>2002-03 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കി വരുന്നു |
| ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇൻഡ്യയിലെ പ്രക്ഷീണ വനങ്ങളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പങ്കാളിത്ത വന പരിപാലന പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസികൾക്ക കീഴിൽ വരുന്ന പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ - ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് കേരളത്തിൽ ഈ പദ്ധതി നടപ്പാക്കി വരുന്നത്. പങ്കാളിത്ത വന പരിപാലനവും അതുവഴി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധനവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. വനങ്ങളുടെ സുസ്ഥിര പരിപാലനം.<br>2. രാജ്യത്തെ വനവിസ്തൃതി വർദ്ധിപ്പിക്കൽ<br>3. വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തൽ. |

| | |
|---|---|
| സി) ദേശീയ വനവൽക്കരണ പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സി) ദേശീയ വനവൽക്കരണ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന വിവിധ വനവൽക്കരണ പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br>1. വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ (Assisted Natural Regeneration (ANR)<br>2. കൃത്രിമ വനവൽക്കരണം (Artificial Regeneration (AR)<br>3. മുളംകാടുകളുടെ പുനരുജ്ജീവനം. (Restoration of Bamboo)<br>4. ചൂരൽ കാടുകളുടെ പുനരുജ്ജീവനം (Restoration of Cane)<br>5. മേച്ചിൽപ്പുറം വികസനം (Pasture Development (PD)<br>6. തടിയിതര മൂല്യമുള്ളതും ഔഷധഗുണമുള്ളതുമായ വൃക്ഷങ്ങളെ നട്ടുവളർത്തൽ ( Mixed Plantation of Trees Having MFP and Medicinal Value)<br>7. ബഹുവർഷി ഔഷധ സസ്യ പുനരുജ്ജീവനം ( Regeneration of Perennial Herbs & Shrubs of Medicinal Plants)<br>ഈ പ്രവർത്തനങ്ങളോടൊപ്പം മണ്ണ് - ജല സംരക്ഷണം, വനാശ്രിത സമൂഹത്തിൽ, വനത്തെയും വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങളെയും വനശോഷണത്തെയും വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാനുള്ള പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവ ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കുന്നു. ദേശീയ വന വൽക്കരണ പദ്ധതി നടപ്പാക്കുന്നതിലൂടെ സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ സാമൂഹിക ആസ്തികൾ ഉണ്ടാക്കുന്നതിനുള്ള ധന സഹായവും ദേശീയ വനവൽക്കരണ പരിപാടിയുടെ എൻട്രി പോയിന്റ് ആക്ടിവിറ്റി (EPA) വഴി വനാശ്രിത സമൂഹത്തിന് ലഭിക്കുന്ന മറ്റൊരു പ്രധാന നേട്ടമാണ്. |

സെക്ഷൻ ഓഫീസർ